(ബി) പ്രസ്തുത നടപടി പൊതു വിദ്യാലയങ്ങളെ തകർച്ചയിലേക്ക് നയിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ അൺ-എയ്ഡഡ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന നയം തിരുത്തുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടി തുടരുന്നുണ്ട്. സ.ഉ.(കൈ.)നമ്പർ 114/15/പൊ.വി. തീയതി 14-5-2015 പ്രകാരം 308 സ്കൂളുകൾക്കും, സ.ഉ.(കൈ) നമ്പർ 282/2015/പൊ.വി. തീയതി 9-11-2015 പ്രകാരം 87 സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) വളരെ വർഷങ്ങളായി അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾക്കാണ് അംഗീകാരം നൽകുന്നത്. ആയതിനാൽ അത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് പൊതുവിദ്യാലയങ്ങളെ ബാധിച്ചിട്ടില്ല.

(സി) സ്വകാര്യ അൺ എയ്ഡഡ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

61(2918) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

GPM. 2/241/2020-16

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 10-1-2013-ലെ സ.ഉ.(എംഎസ്.)നമ്പർ 8/2013/പൊ.വി.വ. ഉത്തരവ് പ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ 50,000 രൂപയും ഗുരുതരമായ പരിക്ക് ഉണ്ടാവുകയാണെങ്കിൽ 10,000 രൂപയും സഹായധനമായി ലഭിക്കുന്ന വിധത്തിലുള്ള പദ്ധതിയാണ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീമതി കെ. എം. പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ

62(2919) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താളി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ എഫ്.ടി. സി. എം, ശ്രീമതി കെ. എം. പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ സംബന്ധിച്ച 35357/2014/എൻ1/ പൊ.വി. ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഡി.പി.ഐ.-യിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് റിപ്പോർട്ട് ലഭിച്ചത് എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ കാലതാമസം ഒഴിവാക്കി ശ്രീമതി കെ. എം. പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ നടത്തി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കുത്താളി വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിലെ എഫ്.റ്റി.സി.എം. ശ്രീമതി കെ. എം. പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ സംബന്ധിച്ച വിഷയം 35357/2014/എൻ1/പൊ.വി. ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. ശ്രീമതി കെ. എം. പത്മിനിക്ക് 1-7-2002 മുതൽ മാത്രം നിയമനാംഗീകാരം നൽകുവാനുള്ള കാരണവും ടിയാൾ 31-3-1992 മുതൽ 30-6-2002 വരെ റഗുലർ തസ്തികയിൽ ജോലി ചെയ്തിരുന്നുവോ എന്നും 30-3-1992-ലെ അംഗീകൃത മാനേജർ ആരാണെന്ന് വ്യക്തമാക്കുവാനും ടിയാളുടെ സർവ്വീസ് ബുക്ക് ലഭ്യമാക്കുവാനും പൊതു വിദ്യാഭ്യാസ ഡയറക്ടറോട് 10-12-2014-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് 10-12-2015-ൽ പൊതു വിദ്യാഭ്യാസ (എൻ) വകുപ്പിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി പത്മിനിയുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly